നമ്പർ. സി.ഡി.എൽ(2)55177/2006. സഹകരണസംഘം രജിസ്ട്രാർ ഓഫീസ്,
തിരുവനന്തപുരം, 7.10.2008.

<u>സർക്കുലർ നം.67/2008</u>

വിഷയം: സഹകരണ വകുപ്പ്- ഓഡിറ്റ്- കേരള സഹകരണ ഓഡിറ്റ് മാനുവൽ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥരിൽ നിന്നും അഭിപ്രായങ്ങൾ/നിർദ്ദേശങ്ങൾ എന്നിവ ആരായുന്നത് സംബന്ധിച്ച്.

സൂചന: സർക്കാർ ഉത്തരവ്(സാധാ) 9/2008/സഹകരണം തീയതി, 3.1.2008.

.....

സംസ്ഥാനത്ത് നിലവിലുള്ള സഹകരണ ഓഡിറ്റ് മാനുവൽ ഭാഗം 1 പ്രസിദ്ധീകരിച്ചിട്ട് 25 വർഷം പൂർത്തിയായിട്ടുണ്ട്. സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തിന്റെ ഇന്നത്തെ അവസ്ഥയുടെ പശ്ചാത്തലത്തിൽ സഹകരണ ഓഡിറ്റ് മാനുവൽ ഭാഗം 1 കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് സൂചനയിലെ ഉത്തരവ് പ്രകാരം വിദഗ്ദ്ധ സമിതി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ ചെയർമാനായി സംസ്ഥാന സഹകരണ യൂണിയൻ ചെയർമാൻ ശ്രീ.ഇ.നാരായണനെയും, കൺവീനറായി സഹകരണ അഡീഷണൽ രജിസ്ട്രാർ(ഓഡിറ്റ്) ശ്രീ.സി.വിശ്വനെയും നിയമിച്ചിട്ടുണ്ട്.

ചുവടെ സൂചിപ്പിക്കുന്ന മേഖലകളിൽ ഓഡിറ്റ് മാനുവൽ പരിഷ്കരണം ആവശ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

1. സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക്, ഭൂരിപക്ഷം പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/ബാങ്കുകൾ, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവയിൽ കമ്പ്യൂട്ടർവൽക്കരണം വൻതോതിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിന് അനുപൂരകമായ വിധത്തിൽ ഓഡിറ്റ് ജോലികളിൽ കാര്യക്ഷമത, ലക്ഷ്യബോധം എന്നിവ ഉറപ്പാക്കുന്നതിനുള്ള വ്യവസ്ഥകൾ ഓഡിറ്റ് മാനുവലിൽ ഉൾപ്പെടുത്തുക.

2. ഓഡിറ്റ് മാനുവൽ നിലവിൽ വന്നതിനുശേഷം സംസ്ഥാനത്ത് പുതിയ സഹകരണ സംരംഭങ്ങളായി നടപ്പിൽ വന്ന വനിത, ഹോർട്ടികൾച്ചർ, ടൂറിസം, ഇൻഷുറൻസ് മുതലായ എല്ലാവിധ സഹകരണ സ്ഥാപനങ്ങളെയും ഓഡിറ്റ് മാനുവലിന് വിധേയമാക്കുക.

(തുടർച്ച.....2)

3. സഹകരണ ഓഡിറ്റ് കാര്യക്ഷമമായും, കുടിശികയില്ലാതെയും ഉദ്ദേശാനുസരണവും സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള വ്യവസ്ഥകൾ ഓഡിറ്റ് മാനുവലിൽ ഉൾക്കൊള്ളിക്കും.

4. ഓഡിറ്റ് സംബന്ധമായി റിസർവ്വ് ബാങ്ക്, കേന്ദ്ര/സംസ്ഥാന സർക്കാർ, സഹകരണ രജിസ്ട്രാർ എന്നിവർ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ ക്രോഡീക-രിച്ച് ഓഡിറ്റ് മാനുവൽ ഭാഗം 2 പ്രസിദ്ധീകരിക്കും.

5. സംസ്ഥാനത്തെ എല്ലാവിധ സഹകരണ സ്ഥാപനങ്ങൾക്കും പൊതുവായ അക്കൗ-ണ്ടിംഗ് രീതി (മാനുവൽ രീതിയിലും കമ്പ്യൂട്ടർവൽകൃതവും) നിർദ്ദേശി-ക്കുകയും അതിനായുള്ള റിക്കാർഡുകൾ, രജിസ്റ്ററുകൾ എന്നിവ നിർദ്ദേ-ശിക്കുകയും, ഇത് സംബന്ധിച്ച് ഓഡിറ്റ് മാനുവൽ ഭാഗം 3 പ്രസിദ്ധീകരി-ക്കുകയും.

6. ഓഡിറ്റ് വിഭാഗം ഉദ്യോഗസ്ഥർക്ക് ആവശ്യമായ പ്രാരംഭ പരിശീലനം, തുടർ പരിശീലനം എന്നിവ നിശ്ചയിച്ച് അതിനായുള്ള വ്യവസ്ഥകൾ ഓഡിറ്റ് മാനുവലിൽ ഉൾക്കൊള്ളിക്കും.

മേൽ വിഷയങ്ങളെ സംബന്ധിച്ച് സംസ്ഥാനത്തെ സഹകരണ വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും പരിഷ്കരണ നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിന് വിദ-ഗ്ദ്ധസമിതി രൂപീകരിച്ചിട്ടുണ്ട്. സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ഈ വിഷയത്തിൻമേലുള്ള അവരുടെ അഭിപ്രായങ്ങൾ/നിർദ്ദേശങ്ങൾ എന്നിവ നിയ-ന്ത്രണ ഉദ്യോഗസ്ഥൻ മുഖാന്തിരം കമ്മിറ്റിയുടെ കൺവീനറായ അഡീഷണൽ രജിസ്ട്രാർ(ഓഡിറ്റ്)ക്ക് നൽകാവുന്നതാണ്. ഓരോ ജില്ലയിൽ നിന്നും സമർപ്പിക്കുന്ന നിർദ്ദേശങ്ങൾ കാര്യമാത്രപ്രസക്തമാകുന്നതിനും ക്രോഡീകൃതമാകുന്നതിനുമുള്ള ഉത്തരവാദിത്വം അതാത് ജില്ലകളിലെ ജോയിന്റ് രജിസ്ട്രാർ(ജനറൽ) ഓഡിറ്റ് എന്നിവർക്കാണ്.

സംസ്ഥാനത്തെ അപെക്സ്, ഫെഡറൽ, സെൻട്രൽ സഹകരണ സ്ഥാപനങ്ങളിലെ ഓഡിറ്റ് ഉദ്യോഗസ്ഥർക്ക് ടി നിർദ്ദേശങ്ങൾ/അഭിപ്രായങ്ങൾ എന്നിവ നേരിട്ട് കൺവീനർക്ക് ലഭ്യമാക്കാവുന്നതാണ്. കൺവീനർക്ക് നിർദ്ദേശങ്ങൾ ലഭിക്കാനുള്ള അവ-സാന തീയതി 31.10.2008 ആണ്.

ഒപ്പ്
റാണി ജോർജ്ജ് ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ

എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ/ഓഡിറ്റ്)മാർക്കും
എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ/ഓഡിറ്റ്)മാർക്കും
സഹകരണ വീഥി പ്രസിദ്ധീകരണത്തിന്
സഹകരണ ജേർണൽ പ്രസിദ്ധീകരണത്തിന്
സ്റ്റോക്ക് ഫയൽ

//ഉത്തരവിൻപ്രകാരം//

സഹകരണസംഘം രജിസ്ട്രാർക്കുവേണ്ടി.

ബി/16/10/08